പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2466

18.07.2011-ൽ മറുപടി
നൽകേണ്ടിയിരുന്നത്

## ഇന്ദിര ആവാസ് യോജനയുടെ ഉദ്ദേശലക്ഷ്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി :<br>ശ്രീ. കെ.എൻ.എ. ഖാദർ :<br>ശ്രീ.വി.എം. ഉമ്മർ മാസ്റ്റർ :<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി) |

എ. ഇന്ദിരാ ആവാസ് യോജനയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ ;

എ. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും ഇതര സമുദായങ്ങളിൽപ്പെട്ടവർക്കും വീടുകൾ നിർമ്മിക്കുന്നതിന് സൗജന്യമായി സഹായം നൽകുന്ന ഗ്രാമീണ ഭവന നിർമ്മാണ പദ്ധതിയാണ് ഇന്ദിരാ ആവാസ് യോജന. ഗ്രാമീണ മേഖലയിലെ പാവപ്പെട്ടയാളുകളുടെ പാർപ്പിട പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുക എന്നതാണ് ഇന്ദിരാ ആവാസ് യോജനയുടെ ലക്ഷ്യം.

ബി. പ്രസ്തുത പദ്ധതിയുടെ കേന്ദ്ര സംസ്ഥാന വിഹിതത്തിലെ അനുപാതം വ്യക്തമാക്കുമോ ;

ബി. ഇന്ദിരാ ആവാസ് യോജനയുടെ കേന്ദ്ര സംസ്ഥാന വിഹിതത്തിന്റെ അനുപാതം 75:25 എന്നതാണ്.

സി. പദ്ധതിയുടെ നടത്തിപ്പിൽ എന്തെങ്കിലും സാങ്കേതിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

സി. ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഡി. കഴിഞ്ഞ അഞ്ചു വർഷകാലത്തിനിടയിൽ പ്രസ്തുത പദ്ധതി പ്രകാരം കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച വിഹിതം, സംസ്ഥാന വിഹിതമുൾപ്പെടെ ചെലവിട്ട തുക, നിർമ്മിച്ച വീടുകളുടെ എണ്ണം എന്നിവ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ ;

ഡി. കഴിഞ്ഞ അഞ്ചു വർഷകാലത്തിനിടയിൽ പ്രസ്തുത പദ്ധതി പ്രകാരം കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച വിഹിതം, സംസ്ഥാന വിഹിതമുൾപ്പെടെ ചെലവിട്ട തുക, നിർമ്മിച്ച വീടുകളുടെ എണ്ണം എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ താഴെപ്പറയും പ്രകാരമാണ്.

(1). കഴിഞ്ഞ അഞ്ചുവർഷം

| | |
|---|---|
| കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച വിഹിതം. | - 63,668. 5 ലക്ഷം രൂപ |

(2). സംസ്ഥാന വിഹിതം ഉൾപ്പെടെ ചെലവിട്ട തുക - 77,008.91 ലക്ഷം രൂപ.

(3). നിർമ്മിച്ച വീടുകളുടെ എണ്ണം. - 2,27,406 വീടുകൾ

ഇ. പ്രസ്തുത കാലയളവിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് അവലംബിച്ച മാനദണ്ഡമെന്തായിരുന്നു ;

ഇ. ഇന്ദിരാ ആവാസ് യോജനയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ ഇവയാണ്.

(1). കുടുംബം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വിഭാഗത്തിൽ ഉൾപ്പെട്ടതായിരിക്കണം.

(2). കുടുംബത്തിന് വാസയോഗ്യമായ വീട് ഉണ്ടായിരിയ്ക്കാൻ പാടില്ല.

(3). കുടുംബത്തിന് വീട് വെയ്ക്കുന്നതിന് ആവശ്യമായ ഭൂമി ഉണ്ടായിരിക്കണം.

എഫ്. ഓരോ വിഭാഗത്തിനും എത്ര വീതം വീടുകൾക്ക് സഹായം നൽകി എന്നതിന്റെ വിശദവിവരം നൽകാമോ ?

എഫ്.

| | | |
|---|---|---|
| പട്ടികജാതി | - | 134633 |
| പട്ടികവർഗ്ഗം | - | 16205 |
| മൈനോറിറ്റി | - | 47071 |
| മറ്റു വിഭാഗങ്ങൾ | - | 76089 |
| ആകെ | | 273998 |

സെക്ഷൻ ഓഫീസർ